
# വിളയാട്ടൂർ എളമ്പിലാട്
# എം യു പി സ്കൂൾ



# ഉയരെ..

അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

## ആമുഖം

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഇന്ത്യൻജനതയിലാകെ ഉണ്ടായ ഉണർവിന്റെ പശ്ചാത്തലത്തിൽ അജ്ഞതയിൽ നിന്ന് മോചനം നേടാനുള്ള ഒരു കൂട്ടം മനുഷ്യസ്നേഹികളുടെ ശ്രമഫലമായി സ്ഥാപിക്ക പ്പെട്ടതാണ് വിളയാട്ടൂർ എളമ്പിലാട് എം.യു.പിസ്കൂൾ.തലശ്ശേരിയിൽ നിന്നും വന്നുചേർന്ന ജനാബ് എം.കുഞ്ഞിമൂസ മൗലവിയായിരുന്നു ഇതിന്റെ സ്ഥാപകൻ. 1925 ൽമാനേജരായ ജനാബ് കുഞ്ഞിമൂസ മൗലവിയുടെയും പ്രധാനാധ്യാപകനായ ശ്രീ പി .കുഞ്ഞിരാമൻ നായരുടേയും നേതൃത്വത്തിൽ എളമ്പിലാട് എലമെന്ററി സ്കൂളായി മാറിയ ഈ സ്ഥാപനത്തിൽ 3 അധ്യാപകരും 64വിദ്യാർഥികളുമായിരുന്നു തുടക്കത്തിൽ ഉണ്ടായിരുന്നത്.തുടർന്നുള്ള വർഷങ്ങളിൽ എട്ടാംതരം വരെയുള്ള ക്ലാസുകൾ പ്രവർത്തിച്ചു. പിന്നീട് 8-ാം തരം ഈ വിദ്യാലയത്തിൽ നിന്ന് എടുത്തു മാറ്റപ്പെടുകയും വിളയാട്ടൂർ എളമ്പിലാട് എം. യു .പി സ്കൂളായി മാറുകയും ചെയ്തു. 1939 ൽ ജനാബ് ആയനോത്ത് പക്രൻഹാജി പുതിയ മാനേജരായി ചുമതലയേറ്റു. പുതിയൊരു കെട്ടിടം കൂടി പിന്നീട് നിർമ്മിക്കപ്പെടുകയും അന്ന ത്തെ സംസ്ഥാന ആഭ്യന്തരവകുപ്പമന്ത്രിയായിരുന്ന ശ്രീ. പി.ടി ചാക്കോ നാടിനു സമർപ്പിക്കുകയും ചെയ്തു. തുടർന്ന് മാനേജരായി ചുമതലയേറ്റ ആയനോ ത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ നേതൃത്വത്തിൽ സ്കൂൾ വികസനത്തിന്റെ പാത യിലേക്ക് കുതിക്കുകയായിരുന്നു.

ഭൗതിക രംഗത്തും അക്കാദമികരംഗത്തും അഭൂതപൂർ വ്വമായ വളർച്ചയാണ് പിന്നീടിങ്ങോട്ട് വിദ്യാലയം കാഴ്ചവെച്ചത്.ഇതോടെ കുട്ടി കളുടെ എണ്ണത്തിൽ വൻവർധനയാണ് ഉണ്ടായത്. സ്മാർട്ട് ക്ലാസ്റൂമുകൾ, മികച്ച കംപ്യൂട്ടർ ലാബ്, മെച്ചപ്പെട്ട മാലിന്യ സംസ്കരണ സംവിധാനം,ആവശ്യമാ യ ടോയ്ലറ്റുകൾ, സൗകര്യങ്ങളോടെയുള്ള പാചകപ്പുര, ഓപ്പൺ ലൈബ്രറി, റേ ഡിയോലാബ്, ആധുനിക സൗകര്യങ്ങളോടെയുള്ള നഴ്സറി, കളിസ്ഥലം തുടങ്ങി യവയെല്ലാം ഈ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾക്ക് മകുടോദാഹരണ ങ്ങളാണ്. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന സ്കൗട്ട്, ഗൈഡ്സ്, JRC എന്നിവ യ്ക്ക പുറമെ വിവിധ ക്ലബുകളും മികവിന്റെ കേന്ദ്രമാകാൻ നമ്മുടെ സ്ഥാപന ത്തെ ഏറെ സഹായിച്ചു. കൃത്യമായ ഇടവേളകളിൽ സബ്ജക്ട് കൗൺസിലുകൾ SRG എന്നിവ ചേർന്ന് ആസൂത്രണംണം ചെയ്ത പഠന പ്രവർത്തനങ്ങളിലൂടെ അക്കാദാമിക നിലവാരം മെച്ചപ്പെടുത്താനും LSS , USS , സംസ്കൃതം തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകളിൽ സബ്ജില്ലയിൽ തന്നെ ഉയർന്ന വിജയം കൈവരി ക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

'കായിക മേളയിൽ ദേശീയ സംസ്ഥാനതലങ്ങളിൽ ഒട്ടന വധി പ്രതിഭകളെ വാർത്തെടുക്കാൻ കഴിഞ്ഞ തിനോടൊപ്പം തന്നെ കലാമേളക ളിലും ശാസ്ത്ര-ഗണിതശാസ്ത്ര - സാമൂ ഹ്യ ശാസ്ത്ര-പ്രവർത്തിപരിചയ മേളക ളിലും മികച്ച അടയാളപ്പെടുത്തലു കൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നേട്ടങ്ങളുടെ സുവർണ കിരീടങ്ങ ൾ നമ്മളെ തേടി എത്തിക്കൊണ്ടിരിക്കുമ്പോ ഴും പഠനം പിന്നോക്കം നിൽ ക്കുന്ന കുറച്ചു കുട്ടികളെങ്കിലും നമ്മുടെ സ്ഥാപന ത്തിലുമുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. അവരെ മുൻ നിരയിലെത്തിക്കു കയും പഠനപരമായി മുന്നോക്കം നിൽക്കുന്നവരെ അറിവുകൾ നേടാൻ കൂടുതൽ അവ സരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം കൂടി നമുക്കുണ്ട്. പ്രസ്തുത ലക്ഷ്യം കൈവരിക്കാനുതകുന്ന തരത്തിലാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ' ഗുണമേന്മാ വർഷം ' പദ്ധതിയോട് ഉൾച്ചേർത്താണ് ഇവിടെ പ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്തിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടമെന്നനിലയിൽപ്രൈമറി തലത്തിൽ കുട്ടികളുടെ വൈജ്ഞാനികവും വൈകാരികവുമായ കഴിവുകൾ വളർത്തിയെടുക്കേണ്ടതുണ്ട്. ഭാഷാനൈപുണി ,ഗണിതാത്മകത, ശാസ്ത്ര ചിന്ത, കലാപരത, ആരോഗ്യ - കായികക്ഷമതമൂല്യബോധം എന്നിവയുടെ വളർച്ചയ്ക്കുതകുന്ന പാഠ്യപദ്ധതിയാണ് ഇതിലൂടെ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്.

സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഉറുദു, സംസ്കൃതം, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുന്നു.

ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി ഉയർന്ന പരിഗണനയും പ്രോത്സാഹനവും പരിശീലനവും നൽകുന്നു.

വായന ഒരു സംസ്കാരമായി രൂപപ്പെടുത്താനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുകയും അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

സയൻസ് ലാബ് , കംപ്യൂട്ടർലാബ് എന്നിവയെ ആധുനികവത്കരിച്ച് പഠനപ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധിപ്പിക്കുന്നു.

വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി മാറ്റുന്നു.

ആശയപ്രകടനത്തിന് അവസരം ലഭ്യമാക്കുന്ന തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഇതിലൂടെ ഊർജ്ജസ്വലതയുള്ള വിദ്യാർഥി സമൂഹത്തെ സൃഷ്ടിക്കാൻ കഴിയുന്നു.

ഹരിത പെരുമാറ്റച്ചട്ടങ്ങൾ ശീലിക്കാനും ശുചിത്വബോധം വളർത്താനും കഴിയുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26

## വിളയാട്ടൂർ എളമ്പിലാട് എം.യു.പി സ്കൂൾ

മേഖല : അക്കാദമികം
ഉപമേഖല : ഭാഷ
ക്ലാസ്സ് : ഒന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1. ധാരാളം കുട്ടിക്കഥകളും കുട്ടിപ്പാട്ടുകളും കേൾക്കാനുള്ള അവസരം | ജൂൺ | ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| | 2. അമ്മവായന വീട്ടിലേക്ക് ബുക്ക് കൊടുത്തയച്ച് ചെറുകഥകൾ ഗ്രൂപ്പിൽ ഷെയർ ചെയ്തോ അമ്മ വായിച്ച് കൊടുത്ത് കുട്ടികൾക്ക് അവർക്ക് മനസ്സിലായ കഥ ആശയം മനസ്സിലാക്കി പറയുന്നു. വീഡിയോ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു. | ജൂലായ്<br>ആഗസ്റ്റ് | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | എം.പി.ടി. എ |

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്
ക്ലാസ്സ് : ഒന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം | കാർട്ടൂൺ പ്രദർശനം<br><br>ഇംഗ്ലീഷ് റൈംസ്, സ്റ്റോറീസ്, വീഡിയോ പ്രദർശനം<br><br>അടിസ്ഥാന വായനയും എഴുതലും ആൽഫബെറ്റ്, ഫൊണിക്ക് ശബ്ദങ്ങൾ, കോസീവ് ലറ്റേഴ്സ് എന്നിവ കേൾക്കുവാനും എഴുതാനുമുള്ള അവസരം ഒരുക്കൽ ഓരോ ദിവസവും ഓരോ ലറ്റേഴ്സ് നൽകി അതിന്റെ ചിത്രങ്ങളും, വാക്കുകളും ശേഖരിച്ച് നോട്ടുബുക്കിൽ എഴുതുന്നു.<br><br>കോസീവ് ലറ്റേഴ്സ് ആഴ്ചയിൽ ഒരു ദിവസം ഒരു ലെറ്റർ വീതം എഴുതൽ | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ്<br>സെപ്തംബർ<br><br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ<br><br>എസ് ആർ ജി<br><br>ക്ലാസ് ടീച്ചർ | എം.പി.ടി. എ |

മേഖല : അക്കാദമികം

ഉപമേഖല : പരിസര പഠനം

ക്ലാസ്സ് : ഒന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യ മേള<br>പ്രദർശനം പലഹാര പ്രദർശനം നാടൻ വിഭവങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കൽ | ജൂൺ<br>ജൂലായ് | ക്ലാസ് ടീച്ചർ | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | മഴ നടത്തം<br>കുളം, തോട് എന്നിവ സന്ദർശനം | ആഗസ്റ്റ് | പി.ടി. എ | SMC |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ്സ് : ഒന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും, നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | കുത്തുകൾ യോജിപ്പിക്കാം<br>വഴി കാണിക്കാം<br>നമ്പർ ചിത്രങ്ങൾ കുഞ്ഞു പുസ്തകം (നമ്പർ ചിത്രങ്ങൾ ഉൾപ്പെടുത്തി) മഞ്ചാടി സഞ്ചി നിർമ്മിക്കാം.<br>ഗണിത ശില്പശാല<br>ഗണിത ഉപകരണങ്ങളുടെ നിർമ്മാണം, ചിത്രങ്ങൾ രൂപങ്ങൾ മുതലായവ | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ<br>SRG |

മേഖല : അക്കാദമികം
ഉപമേഖല : മലയാളം
ക്ലാസ്സ് : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായിക്കാം വളരാം വായനാശേഷി വളർത്തൽ | ക്ലാസ് വായന കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ ആനുകാലിക വായന | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| കിടിലൻ വായന | പദപരിചയം കഥാവായന | | | |
| സംയുക്ത ഡയറി എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും ക്രിയാശേഷികൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ CPTA | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം
ഉപമേഖല : പരിസര പഠനം
ക്ലാസ്സ് : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ പോസ്റ്റർ രചന മത്സരം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ എസ് ആർ ജി | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാണാ കാഴ്ചകൾ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ശാസ്ത്രോത്സവം വളർത്തുക | ലഘു പരീക്ഷണങ്ങൾ നടത്തുക ഘട്ടങ്ങൾ മനസ്സിലാക്കൽ കുറിപ്പ് തയ്യാറാക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ്സ് : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത പുനഃപ്രവർത്തികൾ | കൂട്ടിച്ചേർക്കൽ, കുറക്കൽ, ഗുണനം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ | ആഴ്ചയിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ എസ് ആർ ജി | |
| സംഖ്യ തിരിച്ചറിവ് | ഒന്നു മുതൽ നൂറ് വരെ കണക്കുകൾ എഴുതുക വായിക്കുക | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

Area : Academic
Sub area : English
Class : 2

| Aim | Activities | Time | Co-ordinator | Finance |
|---|---|---|---|---|
| Simple sentence and simple questions communication | Finding new words<br>The lesson reading<br>Finding new sentence<br>Finding the words like the same | Through the year | Class Teacher | |
| Spelling game | Puzzles<br>Sentence making | Through the year | Class Teacher | |
| Preparing the opportunity to hear the English language | Showing the cartoon | One for the week | | |
| Creative nutrition | The English lessons presented to the form of discourses (skit, conversation, storytelling) | One for the month | Class Teacher | |

മേഖല : അക്കാദമികം
ഉപമേഖല : ഭാഷ
ക്ലാസ്സ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവിത താളാത്മകമായി ചൊല്ലൽ | • വിവിധ കവിതകളുടെ ഓഡിയോ വീഡിയോ പ്രദർശനം<br>• കവിയരങ്ങുകൾ സംഘടിപ്പിക്കൽ<br>• വായ്ത്താരികൾ താളമിട്ട് ചൊല്ലൽ<br>• ലഘു വാദ്യോപകരണങ്ങളുടെ അവതരണം | ജൂൺ - സെപ്തംബർ | ക്ലാസ് ടീച്ചർ | എസ് ആർ ജി |
| കഥാസ്വാദനം | • പ്രാദേശികമായി കഥ പറയുന്നവരെ വിളിച്ചു ചേർത്തത് കലോത്സവം സംഘടിപ്പിക്കൽ<br>• കഥകളുടെ ദൃശ്യാവിഷ്കരണം<br>• കഥാചർച്ച | ഒക്ടോബർ -<br>ജനുവരി - മാർച്ച് | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | എം.പി.ടി.എ<br>പി.ടി.എ |
| പഴഞ്ചൊല്ലുകൾ അറിയൽ | • കടങ്കഥാ പയറ്റ് സംഘടിപ്പിക്കൽ<br>• കടങ്കഥാ പാട്ട് ശേഖരണം | ഒക്ടോബർ - ഡിസംബർ | | |

English

Class : III

| Aim | Activities | Duration | Charge | Economic |
|---|---|---|---|---|
| To study alphabets | Pree test<br>Write simple words | June – July | Teacher,<br>Students | PTA |
| To study write and read simple words | Circle the words form TB and read | August – September | Teacher,<br>Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like may`1 drink some water? May I go to bathroom?<br>• Hello<br>• Hello everyone<br>• Good morning<br>• Good morning everyone<br>• Good afternoon<br>• How are you<br>• How are you all<br>• How are you today<br>• Let me take attendance etc | Academic year | Teacher,<br>Students<br>Parents | Nil |

മേഖല : അക്കാദമികം
ഉപമേഖല : പരിസര പഠനം
ക്ലാസ്സ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക ജൈവവൈവിധ്യ ഉദ്യാനം സംരക്ഷണം. | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം പാടാം വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം | ജൂൺ<br>ജൂലായ് | ക്ലാസ് ടീച്ചർ | |
| പ്രകൃതി സംരക്ഷണം. | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കാൻ ആവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ<br>ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും തരംതിരിക്കൽ | ആഗസ്റ്റ്<br>സെപ്തംബർ | ക്ലാസ് ടീച്ചർ<br>പി.ടി.എ<br>ഹരിത കർമ്മ സേന | പി.ടി.എ |
| വ്യക്തിശുചിത്വം | കൈകഴുകൽ പരിശീലനം പോസ്റ്റർ നിർമ്മാണം ശുചിത്വസന്ദേശങ്ങൾ<br>വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ<br>ഒക്ടോബർ | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
ക്ലാസ്സ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജാമ്യതീയ സൗന്ദര്യം തിരിച്ചറിയൽ | വിവിധ ജാമ്യ രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ജൂൺ- ജൂലൈ | എസ് ആർ ജി | എസ് ആർ ജി |
| സംഖ്യാ വ്യാഖ്യാനം സംഖ്യ ബന്ധം തിരിച്ചറിയൽ | • ചോദ്യോത്തര പയറ്റ് സംഘാടനം<br>• സംഖ്യാ കാർഡുകൾ രൂപീകരിക്കൽ<br>• വിവിധ പാറ്റേണുകളുടെ അവതരണം | സെപ്റ്റംബർ - ഡിസംബർ | അധ്യാപകർ | പി.ടി. എ |
| സംഖ്യാ ബോധം | • സംഖ്യ മാല നിർമ്മാണം പ്രദർശനം<br>• അബാക്കസ് നിർമ്മാണം<br>• കളി നോട്ട് നിർമ്മാണം | ആഗസ്റ്റ് - സെപ്റ്റംബർ | എസ് ആർ ജെ | എം.പി.ടി.എ |
| പ്രായോഗിക പ്രശ്നങ്ങളുടെ വിശകലനം | • ഗുണനപ്പാട്ട് അവതരണം<br>• അബാക്കസ് വരക്കൽ | ഡിസംബർ -മാർച്ച് | അധ്യാപകർ | എസ് ആർ ജി |

മേഖല : അക്കാദമികം
ഉപമേഖല : അറബിക
ക്ലാസ്സ് : 3
ലക്ഷ്യങ്ങൾ : 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുതുന്ന രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് വായന, പദ നിർമ്മാണം, പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു, പറയുന്നു.
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമ്മാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിലാക്കാൻ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മ ആസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതു സമൂഹത്തിനു മുമ്പിൽ പങ്കിടുന്ന രീതികൾ | നിർവഹണ കാലയള |
|---|---|---|---|---|---|
| • അക്ഷരവായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന<br><br>• കവിത കേട്ട് ആസ്വദിക്കുന്നു | • അക്ഷര കാർഡുകൾ നൽകുന്നു<br>• അക്ഷര നിറം നൽകൽ<br>• ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിക്കുന്നു<br>• അക്ഷരങ്ങൾ കട്ട് ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>• ഐ.സി.ടി ഉപയോഗിക്കുന്നു.<br><br>• ചെറിയ കവിതകൾ വായിച്ച് അവതരിപ്പിക്കുവാൻ കഥാപാത്രങ്ങൾ | • തെറ്റായ രീതിയിൽ അക്ഷരങ്ങൾ തിരിച്ചറിയുന്ന എന്ന് പരീക്ഷിക്കുന്നു<br>• രക്ഷിതാവിൻറെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>• അക്ഷര പഠന സഹായി ഉപയോഗിക്കുന്നു<br>• വീടുകളിൽ അക്ഷര ചാർട്ട് | • കുട്ടികൾ വായിക്കുന്നു<br>• ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>• ചിഹ്നങ്ങൾ തിരിച്ചറിയുന്നു ചിത്രങ്ങൾ<br>• അക്ഷരങ്ങൾ വാക്കുകൾ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം | സി.പി.ടി.എ<br><br>സി.പി.ടി.എ | ജൂൺ<br>ജൂലായ്<br>ആഗസ്ത്<br><br>ഡിസംബർ |

| | | | | | |
|---|---|---|---|---|---|
| • മാഗസിൻ നിർമ്മാണം<br>• ദിനാചരണങ്ങൾ പരിചയപ്പെടൽ<br>• പദനിർമ്മാണം പദശേഖരണം<br>• ഉപചാരമാ വാക്കുകൾ മനസ്സിലാക്കുന്നു | ഉപചാരമാക്കുക.<br>• പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും പരിശീലിപ്പിക്കുകയും ചെയ്യുക ചിത്രങ്ങൾ വരയ്ക്കാം ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാടുകൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു<br>• അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>• പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകുന്നു<br>• പദ നിർമ്മാണ മത്സരങ്ങൾ നടത്തുന്നു പാഠപുസ്തകത്തിൽ ഉപചാര വാക്കുകൾ | • ചെറിയ കഥ കവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിൻറെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>• ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു.<br>• രക്ഷിതാവിൻറെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു.<br>• രക്ഷിതാവിൻറെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.<br>• ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം<br>• വീടുകളിലെ സന്ദർഭത്തിനനുസരിച്ച് പറഞ്ഞു ശീലിക്കാൻ | | സി.പി.ടി.എ | മാർച്ച്<br>ആഗസ്ത് സെപ്തംബർ ഒക്ടോബർ<br>ആഗസ്ത് സെപ്തംബർ ഒക്ടോബർ നവംബർ |

**മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം | വർഷം മുഴുവൻ | എസ് .ആർ.ജി ക്ലാസ്സ് ടീച്ചർ | PTA Staff |
| വായിച്ചാൽ വളരും വായനശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി പുസ്തകപരിചയം വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് | വർഷം മുഴുവൻ | എസ് .ആർ.ജി ക്ലാസ്സ് ടീച്ചർ | PTA Staff |
| കത്തെഴുത്ത് എഴുത്ത് പരിപോഷിപ്പിക്കാൻ | പാഠപുസ്തകത്തിലെ വിവിധ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തി എഴുത്ത് പരിപോഷിപ്പിക്കൽ | വർഷം മുഴുവൻ | എസ് .ആർ.ജി ക്ലാസ്സ് ടീച്ചർ | PTA Staff |
| നമ്മുടെ എഴുത്തുകാർ മലയാളം സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | ദിനാചരണങ്ങൾ ഡോക്യുമെൻററി പ്രദർശനം പുസ്തക വായന ജീവചരിത്രക്കുറിപ്പ് | വർഷം മുഴുവൻ | എസ് .ആർ.ജി ക്ലാസ്സ് ടീച്ചർ | PTA Staff |
| കലകളെ അറിയാം പാഠപുസ്തകവുമായി ബന്ധപ്പെട്ട കലകൾ പരിചയപ്പെടൽ | വീഡിയോ പ്രദർശനം ഫീൽഡ് ട്രിപ്പ് | വർഷം മുഴുവൻ | എസ് .ആർ.ജി ക്ലാസ്സ് ടീച്ചർ | PTA Staff |
| സർഗോത്സവം പഠന പ്രവർത്തനത്തിന്റെ ഭാഗമായി ശേഷികളുടെ അവതരണം | കുട്ടികളുടെ സർവ്വശേഷികളുടെ അവതരണം പ്രദർശനം | വർഷത്തിലൊരിക്കൽ ക്ലാസ്സ് ടീച്ചർ | എസ് .ആർ.ജി ക്ലാസ്സ് ടീച്ചർ | PTA Staff |

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതി നടത്തം നിരീക്ഷണം അറിവ് നിർമ്മാണം | പാഠവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ | ആവശ്യത്തിനനുസരിച്ച് | PTA<br>SRG | PTA<br>Staff |
| ശാസ്ത്രോത്സവം ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ് ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ അവതരണം പ്രദർശനം | വർഷത്തിലൊരിക്കൽ | PTA<br>SRG | PTA<br>Staff |
| ശാസ്ത്ര മാസിക ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികയുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | PTA<br>SRG<br>Class Teacher | PTA<br>Staff |

English

| Aim | Activities | Time | Co-ordinator | Finance |
|---|---|---|---|---|
| English assembly | | | | |
| To handle English easily | Conduct English assembly once in week | Once in a week | SRG Class Teacher | |
| English diary<br>Writing English without mistakes | Writing down activities at home and school in a dairy | Every day | Class teacher | |
| English magazine<br>Writing skills development | Preparing a magazine using student's writings | Once in a year | SRG<br>Class Teacher | PTA Staff |
| English fest<br>Builing confidence to handle English language | Eating competition writing competition presentation other activities ` | Once in a year | SRG Class Teacher | Staff<br>PTA |

**ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കള്ളി പൂരിപ്പിക്കാം ഗണിത പഠനം രസകരമാക്കൽ | പ്രവർത്തനത്തിന്റെ ഭാഗമായി വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | വർഷം മുഴുവൻ | SRG<br>Class Teacher | PTA<br>STAFF |
| ശില്പശാല<br>ഗണിത പഠനത്തിന് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ഗണിത മൂല എന്നിവയിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശില്പശാലയിലൂടെ നിർമ്മിക്കുന്നു | ആവശ്യത്തിനനുസരിച്ച് | SRG<br>PTA | PTA<br>STAFF |
| ഗണിതമേള ഗണിതശേഷികളുടെ അവതരണം | നേടിയ ശേഷികളുടെയും നിർമ്മിച്ച പഠനോപകരണങ്ങളുടെയും അവതരണം പ്രദർശനം | | SRG<br>PTA | PTA<br>STAFF |

ENGLISH

| Aim | Activities | Time | Co-ordinator | Finance |
|---|---|---|---|---|
| To encourage<br><u>Listening and Speaking</u><br>Introduce different genres<br>(Fiction, non fiction, poetry.<br>Enhance vocabulary<br>Enhance listening skill) | Interactive storytelling session discussing themes, characters, and plots to enhance listening skills. Group discussion and role plays to improve speaking skills.<br>Vocabulary games and exercise to build word knowledge | June | English Teachers | English Club |
| To encourage reading develop basic reading, writing, listening, and speaking skill | Interactive reading circle Divide students in to small group and provide them with age appropriate text such as short stories or excerpts from novels. | | | |
| Cultivate effective communication skills for various contents | Each group read the assigned text together and discuss key elements like plot, characters, and themes<br><br>Encourage students to fake turns reading aloud and share their inter perfection and reaction to the text.<br><br>After discussion, each group presents a summary or analysis of their assigned text to the class | July | | |

| | | | | |
|---|---|---|---|---|
| To develop writing skill.<br>Introduce grammatical concept such as parts of speech, tenses and sentence structure.<br><br>To develop basic grammar rules<br>Focus on sentence structure, puncfuation and grammar.<br>Languages, Games, Puzzles and activities.<br><br>Different and support | Guided reading session with comprehension question<br>Listening comprehension exercises using audio stories.<br>Debates and presentation s for advanced speaking practice.<br>Expanding vocabulary with context dues from passage<br><br>Improve sentence structure<br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Project and research assignments to foster critical thinking.<br><br>Integrate language games and activities to reinforce vocabulary, grammar, and language skills in engaging way.<br><br>For example , play word association, games, characters, or vocabulary bingo to practice new words and concepts. | January – February | | |

| | | | | |
|---|---|---|---|---|
| Assessment and feedback | To create their own poems, stories dictionary etc... And present it to the class.<br><br>Recognize and accommodate the divers learning needs of students through differentiated instruction, including accommodations and modification.<br><br>Teachers and other support staff to ensure inclusive practise and provide targeted support for students with specific learning needs.<br><br>Design a range of assessment task and tools to measure student's languages proficiency, comprehension and writing skills including from active and summative assessment.<br><br>Use a variety of assessment methods such as quizzes, tasks, essays, presentations, projects, and performance. Focus on developing paragraphs and essays. Teach persuasive writing techniques and argumentation.<br><br>Preparing and developing speech, listening to and analysis different media sources. | Throughout the year<br><br>Throughout the year | English Teachers | English Club |

മേഖല : അക്കാദമികം
ഉപമേഖല : ഹിന്ദി
ക്ലാസ്സ് : 5,6,7

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തിക/വിശകലനം |
|---|---|---|---|---|
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസ്സിൽ അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ, വാക്കുകൾ എഴുതിയ കാർഡുകൾ, വാക്കുകൾ നിർമാണം, വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് | SRG, അധ്യാപകർ | PTA, SRG |
| വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കും | ഗൃഹോപകരണങ്ങളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>കളറ സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം ഇണടച കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ ഒക്ടോബർ | SRG<br>അധ്യാപകർ | PTA, SRG |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | ഹിന്ദി അസംബ്ലി സെപ്റ്റംബർ 14, ജനുവരി 10<br>ക്ലാസ് ലൈബ്രറി<br>അധിക വായന സാമഗ്രികൾ<br>വായന മൂല<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി | SRG<br>അധ്യാപകർ | PTA, SRG |

അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷ പഠിക്കാനും ഒഴുക്കോടുള്ള സംസാരിക്കാനും കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>• പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>• മുന്നറിയിപ്പ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷ കളികൾ | 2 മാസം | പുസ്തകങ്ങൾ<br>വർക്ക് ഷീറ്റുകൾ<br>സി ഡി കൾ | BRC, LSG, പിടിഎ |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | 2. വായന വസന്തം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനക്കുറിപ്പുകൾ<br>• അറബിക് ഗദ്യ വായന | 6 മാസം | പത്രങ്ങൾ<br>മാഗസിനുകൾ<br>സ്കൂൾ<br>ലൈബ്രറി | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ | 3. എഴുത്തുൽസവം<br>• പതിപ്പുകളുടെ നിർമ്മാണം<br>• വായനക്കുറിപ്പ് ശേഖരണം | 12 മാസം | ചാർട്ടുകൾ<br>പത്രങ്ങൾ | |

| | | | | |
|---|---|---|---|---|
| ഉറപ്പുവരുത്തുക | • ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷ കളികൾ | | | |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | 4. അറബിക് കമ്മ്യൂണിക്കേഷൻ<br>• ആശയവിനിമയ വേദി ക്ലാസ് സ്ഥലം കൂടുതലും<br>• അറബിക് മേള നാടകം മോണോആക്ട്<br>• പ്രസംഗം സംഭാഷണം<br>• ഭാഷ കളികൾ അറബിക് അസംബ്ലി | 10 മാസം | പുസ്തകങ്ങൾ<br>സീഡികൾ<br>വീഡിയോകൾ | |
| സർഗ്ഗ കഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗ്വേജ് ലാബ്<br>• സ്മാർട്ട് ക്ലാസ്സ് റൂം<br>• അറബിക് ഭാഷാ സാഹിത്യ രേഖകൾ<br>• ചിത്രീകരണങ്ങൾ<br>• അനിമേഷൻ സോഷ്യൽ മീഡിയ ആക്ടിവിറ്റുകൾ | 10 മാസം | പുസ്തകങ്ങൾ<br>സിഡികൾ<br>വീഡിയോകൾ | ബി ആർ സി<br>പി ടി എ |

## സംസ്കൃതം അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് 5 6 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം യു പി തരത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ഭാഷാജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• അക്ഷരമാല കളികൾ | ജൂൺ ആഗസ്റ്റ് | അക്ഷര ചാർട്ട് പാഠപുസ്തകം | റിസോഴ്സ് അധ്യാപിക |
| | പറയാൻ പഠിക്കാം<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ<br>• ലഘു സംഭാഷണങ്ങൾ | ജൂൺ ജൂലൈ | സംസ്കൃത കഥാപുസ്തകം ഐ സി ടി | റിസോഴ്സ് അധ്യാപിക |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>ഐ.സി.ടി .സഹായത്തിലൂടെ വസ്തുക്കൾ പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃത നിഘണ്ടു | റിസോഴ്സ് അധ്യാപിക |
| വായനാലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | ഓരോ സംസ്കൃത പിരീഡിനും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പരിഗണന അർഹിക്കുന്നവർക്ക് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>പ്രത്യേക ക്ലാസുകൾ നൽകുന്നു. | മാർച്ച് ജൂൺ | സംസ്കൃതം ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

യുപി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **<u>കാവുകൾ തേടി കാടുകളിലൂടെ</u>**<br>• ചുറ്റുമുള്ള സസ്യങ്ങൾ /ഔഷധസസ്യങ്ങൾ തിരിച്ചറിയൽ<br>• കാവുകൾ കണ്ടൽക്കാടുകൾ പുഴകൾ വയലുകൾ ചെറു വനങ്ങൾ എന്നിവയിലൂടെ ഒരു യാത്ര | ജൂൺ | ശാസ്ത്ര അധ്യാപകൻ സയൻസ് ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് | കുട്ടികൾ ടീച്ചർ |
| ശാസ്ത്രശേഷികളുടെ വികാസവും ഓർമ്മപ്പെടുത്തലും | **<u>തൂണിലും തുരുമ്പിലും ശാസ്ത്രം</u>**<br>• ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഒരുക്കുന്നു<br>**<u>വായിക്കാം അറിയാം</u>**<br>• സ്കൂൾതല ശാസ്ത്ര ലാബ് ഒരുക്കുന്നതോടൊപ്പം ഓരോ ക്ലാസിലും ശാസ്ത്ര പുസ്തകം മാസിക ലൈബ്രറി ഒരുക്കുന്നു.<br>**<u>ആരോഗ്യം സമ്പത്ത്</u>**<br>• കുട്ടികളിലെ ആരോഗ്യ കാര്യങ്ങൾ ജീവിതശൈലി രോഗങ്ങളെ കുറിച്ചുള്ള കൃത്യമായ ഒരു അപബോധം ഉണ്ടാക്കൽ ഒരു ആരോഗ്യ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപികൻ സയൻസ് ക്ലബ്ബ് ക്ലാസ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| | മേഖലയിലെ അഭിമുഖം | | | |
| ശാസ്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അറിവ് ജിജ്ഞാസ എന്നിവ കുട്ടികളിലേക്കെത്തിക്കാൻ | **<u>ക്ലാസ് മുറികളിൽ ഉള്ളിൽ ഒരു ബഹിരാകാശം</u>**<br>ICT സാധ്യത പ്രയോജനപ്പെടുത്തി പുതിയ കണ്ടെത്തലുകൾ ബഹിരാകാശ വിസ്മയങ്ങൾ അവരുടെ അനുഭവങ്ങൾ എന്നിവ പങ്കുവയ്ക്കുന്ന പര്യവേഷണ വാഹനങ്ങൾ പേരുകൾ വിക്ഷേപിച്ച വർഷം എന്നിവ അറിയുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | പിടിഎ സ്കൂൾ മാനേജ്മെന്റ് |
| പരമ്പരാഗത കൃഷികളോടും കൃഷി രീതികളോടും താൽപര്യം ജനിപ്പിക്കുന്നതിനൊപ്പം നൂതന കൃഷി ജീവിത നൈപുണി വികസിപ്പിക്കാൻ സഹായിക്കുന്നു | **<u>മണ്ണിൽ പൊന്നു വിളയിക്കാം</u>**<br>ഫീൽഡ് ട്രിപ്പ്<br>• അടുത്തുള്ള വയൽ സന്ദർശിക്കുന്നു<br>• കൃഷി ഓഫീസറുമായുള്ള അഭിമുഖം നടത്തുന്നു<br>• ICT സാധ്യത പ്രയോജനപ്പെടുത്തുന്നു | ഒരു വർഷം | സയൻസ് ക്ലബ്ബ് | പിടിഎ |

യു പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക/വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല കളി രീതിയിലുടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു [നമ്പർ കാർഡ്,മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,] | ആവശ്യാനുസരണം | ഗണിത അധ്യാപകൻ | |
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത മൂല<br>ഓരോ ക്ലാസിന്റെയും ഒരു മൂലയിൽ ഗണിത പഠനോപകരണങ്ങൾ ഉൾപ്പെടുത്തി ഗണിത മൂല നിർമ്മിക്കുന്നു. | ജൂൺമാസം | ഗണിത അധ്യാപകർ | |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ഉൾപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | | | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും, ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

യു പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക/വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന നടത്താനുള്ള പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിന് അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാർത്താ ലോകത്തേക്ക്**<br>പത്രം കുട്ടികൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാദിവസവു ം | മലയാളം അധ്യാപകർ | |
| | **വാർത്ത വായന**<br>ക്ലാസ് തലത്തിൽ നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. (സ്കൂൾ റേഡിയോയിലൂടെ), അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | എല്ലാ ദിവസവും വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗവിഷ്കാരം**<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സ്കൂൾ പി ടി എ | പി ടി എ |
| 4. റേഡിയോ റെയിൻബോ | വിശേഷദിനങ്ങളും ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു (സ്കൂൾ റേഡിയോവിലൂടെ) | ആഴ്ചയിൽ ഒന്ന് | ക്ലാസ് ലീഡർ മലയാളം അധ്യാപകർ | |

ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉറുദു ഭാഷയുടെ താൽപര്യം വളർത്തുക | ഉറുദു ഭാഷയിലെ മനോഹരമായ ഗസലുകൾ കവിതകൾ തുടങ്ങിയവ കേൾപ്പിക്കുക | അക്കാദമിക വർഷം | അധ്യാപകൻ | |
| സുന്ദരമായ ഭാഷ എഴുതാനും വായിക്കാനും പഠിക്കൽ | അക്ഷരമാലകൾ ചിഹ്നങ്ങൾ കൂട്ടി എഴുത്ത് തുടങ്ങിയവയുടെ വീഡിയോകൾ കാണിക്കുക ക്ലാസ്സിൽ എഴുതി അവതരിപ്പിക്കുക | ജൂൺ ജൂലൈ | അധ്യാപകൻ | |
| സാഹിത്യ ബോധം വർദ്ധിപ്പിക്കുക | കഥകൾ വായിക്കുക കേൾപ്പിക്കുക ബാലസാഹിത്യ പുസ്തകങ്ങൾ ലഭ്യമാക്കുക കവിതകൾ സംഭാഷണങ്ങൾ ഗാനം തുടങ്ങിയവ കേൾപ്പിക്കുക അവതരിപ്പിക്കുക | അക്കാദമിക വർഷം | അധ്യാപകൻ | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന ഉറുദുഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക | ഉറുദു ലൈബ്രറി റീഡിങ് കാർഡ് വായനക്കുറിപ്പ് | അക്കാദമിക വർഷം | PTA, അദ്ധ്യാപകൻ | BRC, PTA |
| വിവിധ ദിനാചരങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക | ഓരോ മാസത്തിലും ദിനാചരണങ്ങൾ കണ്ടെത്തി കുട്ടികളെ പരിചയപ്പെടുത്തുക ഭാഷയുമായി ബന്ധപ്പെടുത്തി നോട്ടുകൾ തയ്യാറാക്കുക ദിനാചരണ കലണ്ടർ ഉറുദു ഭാഷയിൽ തയ്യാറാക്കുക | അക്കാദമിക വർഷം | അധ്യാപകൻ | |
| പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ | ലളിതമായ രീതിയിൽ ചിത്രം വരയ്ക്കുന്നതിനുള്ള അവസരം ചെറിയ ചെറിയ കഥകൾ കവിതകൾ എഴുതിക്കുക വായിപ്പിക്കുക കേൾപ്പിക്കുക | അക്കാദമിക വർഷം | അധ്യാപകൻ രക്ഷിതാവ് | |

മേഖല ; സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹ്യശാസ്ത്ര അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠനത്തിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ചില പ്രയാസമുള്ളതും എന്നാൽ കുട്ടികൾക്ക് തിരിച്ചറിയാൻ സാധിക്കാത്തതുമായ ചോദ്യങ്ങൾ നൽകുന്നു | അക്കാദമിക വർഷം | അധ്യാപകൻ | |
| | **<u>മെമ്മറി ടെസ്റ്റ്</u>**<br>ഭൂതല വൈവിധ്യങ്ങൾ രാഷ്ട്രീയ ഘടന മുതലായവ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഓർമ്മ പരിശോധന നടത്തുന്നു | ജൂൺ ജൂലൈ | അധ്യാപകൻ | |
| പഠിതാക്കളിൽ ചരിത്രബോധം സൃഷ്ടിക്കുന്നു | **<u>ഫീൽഡ് ട്രിപ്പ്</u>**<br>ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക തലത്തിലുള്ള സ്ഥലങ്ങൾ സന്ദർശിച്ച് വിവരണ കുറിപ്പുകൾ രൂപപ്പെടുത്തുന്നു | അക്കാദമിക വർഷം | അധ്യാപകൻ | |
| | **<u>വെർച്ചൽ ഫീൽഡ് ട്രിപ്പ്</u>**<br>ചരിത്ര പ്രാധാന്യമുള്ള ലോകത്തിലെ പ്രധാന സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം രൂപപ്പെടുത്തുന്നു | അക്കാദമിക വർഷം | PTA, അധ്യാപകൻ | BRC, PTA |
| കുട്ടികളിൽ ജനാധിപത്യ ബോധവും ജീവിതസമീപനവും രൂപപ്പെടുത്തുക. | **<u>വിദ്യാലയത്തിൽ നിന്ന് പൊതുജീവിതത്തിലേക്ക്</u>**<br>സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക ഗ്രാമസഭയിലും വാർഡ് സഭയിലും മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതികൾ മനസ്സിലാക്കുക | അക്കാദമിക വർഷം | അധ്യാപകൻ | |
| പ്രകൃതിദുരന്തങ്ങൾ പകർച്ചവ്യാധികൾ എന്നീ പൊതു പ്രശ്നങ്ങളിൽ ഇടപെടാനും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും കുട്ടികളെ ബോധവാന്മാരാക്കുന്നു | **<u>പ്രകൃതി താണ്ഡവം നേർക്കാഴ്ച</u>**<br>ഭൂകമ്പം,സുനാമി, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളുടെയും മാരകമായ പകർച്ചവ്യാധിക ളുടെയും വീഡിയോ പ്രദർശനം | അക്കാദമിക വർഷം | അധ്യാപകൻ രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുക<br>അഗ്നി ശമന സേന ഉദ്യോഗസ്ഥരുടെ സഹായത്താൽ പ്രകൃതിദുരന്തങ്ങളെക്കുറിച്ചും മറ്റും പഠിതാക്കളെ ബോധവവാൻമാരാക്കുക | | | |
| ദൂഷ്യഫലങ്ങൾ ഉണ്ടാകുന്ന ലഹരി ഉപയോഗത്തിന്റെ വിപത്തും അതിന്റെ ആഴവും കുട്ടികളെ ബോധ്യപ്പെടുത്തുന്നു | **നാശ ലഹരി വേണ്ട**<br>മനുഷ്യനെ നശിപ്പിക്കുന്ന ലഹരിവസ്തുക്കൾ എന്തെല്ലാം ആണെന്നും ജീവിതത്തിൽ സന്തോഷം നൽകുന്ന ലഹരി എന്താണെന്നും തരംതിരിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നു.<br>ലഹരിവസ്തുക്കൾ എങ്ങനെ ജീവിതത്തിൽ പല തലങ്ങളെ ബാധിക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്ന വീഡിയോ പ്രദർശനം സംഘടിപ്പിക്കുന്നു | | അധ്യാപകൻ രക്ഷിതാവ് | BRC, PTA |
| സഹജീവികളോടെ സമഭാവന വളർത്തിയെടുക്കൽ പ്രോത്സാഹിപ്പിക്കുന്നു. | **സഹജീവി സഹവർത്തിത്വം**<br>സഹജീവികളോട് സഹകരണ മനോഭാവവും സഹായ മനസ്ഥിതിയും രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. അത്തരം പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. പ്രകൃതു ദുരന്ത സ്ഥലങ്ങൾ, ഇരകളായവർ എന്നിവരെയും സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ ചെയ്യാൻ കഴിയുന്ന സേവനങ്ങൾ ചെയ്യാൻ അവസരമൊരുക്കുക. കുട്ടികളിൽ മിത വ്യയശീലം വളർത്തുക. | | അധ്യാപകൻ രക്ഷിതാവ് | |
| വിവര വിനിമയ സാങ്കേതി വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെകുറിച്ചും കുട്ടികളെ ബോധവാൻമാരാക്കുക | സോസ്യൽ സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണം സംഘടിപ്പിക്കുന്നു. | | അധ്യാപകൻ രക്ഷിതാവ് | BRC, PTA |
| സുസ്ഥിര വികസന കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാവുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ ജലാശയങ്ങൾ, കാടുകൾ, എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ടു തയ്യാറാക്കുക. | | | |